

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: **doklm.ksad@kerala.gov.in**
ഫോൺ : **0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി.1565/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 01/09/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം **:** കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 01/09/2025

കെ.എസ്.എ.കെ.എൽ.എം.പി.1565/2025

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സജികുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	10-07-2025	18-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-07-2025	18-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ.അനീഷ് വി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജശ്രീ സി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി വി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ലാലി കെ.ജി.	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി സുചിത്രാദേവി	സെക്രട്ടറി	01-04-2024	15-08-2024

ശ്രീ.ഫൈസൽ അഹമ്മദ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-08-2024	31-08-2024
ശ്രീമതി സുചിത്രാദേവി	സെക്രട്ടറി	01-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഫൈസൽ അഹമ്മദ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	11-11-2024
ശ്രീ.ഷിബു.ഇ.എം	അസിസ്റ്റന്റ് സെക്രട്ടറി	12-11-2024	31-03-2025
ശ്രീമതി ശ്രുതി സിംഗ്	അസിസ്റ്റന്റ് എഞ്ചീനീയർ	01-04-2024	31-03-2025
ശ്രീമതി അൽ സുമയ്യ	വി.ഇ.ഒ	01-04-2024	31-03-2025
ശ്രീമതി വിനീത.ബി	വി.ഇ.ഒ	01-04-2024	31-03-2025
ഡോ. ഭാഗ്യശ്രീ	വെറ്റിനറി സർജൻ	01-04-2024	21-06-2024
ഡോ.ആർഷാ ഷാജി	വെറ്റിനറി സർജൻ	22-06-2024	26-06-2024
ഡോ.ശ്രദ്ധാകൃഷ്ണൻ	വെറ്റിനറി സർജൻ	27-06-2024	08-09-2024
ഡോ. ആർഷാ ഷാജി	വെറ്റിനറി സർജൻ	09-09-2024	31-03-2025
ഡോ. രാജി വിശ്വനാഥ്	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2024	31-03-2025
ഡോ.ഗിരൺ.എസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2024	31-03-2025
ശ്രീമതി വിസ്മി വിശ്വം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ.സുബാഷ് സി.എൽ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ഷീബാ ഫ്രാൻസിസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	19-07-2024
ശ്രീ. സുകേഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	20-07-2024	13-08-2024
ശ്രീ. അനീഷ്	ഡയറി ഫാം ഇൻസ്ട്രക്ടർ	14-08-2024	31-03-2025
ശ്രീമതി സാന്ദ്ര സെബാസ്റ്റ്യൻ	കൃഷി ഓഫീസർ	01-04-2024	05-04-2024
ശ്രീമതി ആത്മജ എസ്.	കൃഷി ഓഫീസർ	06-04-2024	01-06-2024
ശ്രീമതി റ്റി.സി. റേയ്ച്ചൽ തോമസ്	കൃഷി ഓഫീസർ	03-06-2024	30-06-2024
ശ്രീമതി ആത്മജ എസ്.	കൃഷി ഓഫീസർ	01-07-2024	22-10-2024
ശ്രീമതി രശ്മി ജയരാജ്	കൃഷി ഓഫീസർ	22-10-2024	15-02-2025
ശ്രീമതി റ്റി.സി. റേയ്ച്ചൽ തോമസ്	കൃഷി ഓഫീസർ	16-02-2025	31-03-2025
ശ്രീമതി രമ്യാ കൃഷ്ണൻ	എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി ബിന്ദു ജേക്കബ്	ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്സ്	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	Web Saankhya ACR-AFS പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല	1-1-3
5	B-4,ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്ക് ലഭിച്ച തുകയാണെന്ന് വ്യകതമല്ല/കൃത്യമല്ല	1-1-4
6	B-9,ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന റിക്കവറി തുകകൾ വ്യകതമല്ല	1-1-5
7	B-18ഷെഡ്യൂളിൽ വിവിധ അഡ്വാൻസ് ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യകതമല്ല/കൃത്യമല്ല	1-1-6
8	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ട് നീക്കിയിരുപ്പ് ഇ-ഗ്രാം , വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല	1-1-7
9	SBM Gramin Phase II -IDBI ബാങ്ക് അക്കൗണ്ടിൽ 12000/- രൂപ അധിക വരവ് ചെലവ്	1-1-8
10	ലൈഫ് ഭവന പദ്ധതി വായ്പ തുക നിക്ഷേപിച്ച അക്കൊണ്ടിൽ 4,07,878/- രൂപ കുറവ്	1-1-9
11	വസ്തു നികുതി -സഞ്ചയ -വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പെൻഷൻ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തരനിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	ബജറ്റ് തത്വങ്ങൾ പാലിക്കാതെ 2024-25ലെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.	1-11
22	അൺഎസ്റ്റാഡ് സ്കൂളിന്റെ വസ്തുനികുതി ഈടാക്കിയില്ല	1-12
23	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം	1-13
24	തൊഴിൽ നികുതി ഈടാക്കിയില്ല	1-14
25	മാർക്കറ്റ് ഫീസ് - ഗ്രാമപഞ്ചായത്ത് നേരിട്ട് ഈടാക്കിയതിൽ അപാകതകൾ	1-15
26	യു.പി.ഐ പേയ്മെൻറ് -അപാകത സംബന്ധിച്ച്	1-16
27	ധാതുലവണമിശ്രിതം പൂർണ്ണമായും വിതരണം ചെയ്തില്ല	1-17
28	ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല	1-18
29	ലൈഫ് ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.	1-19

30	തൊഴിലുറപ്പ് പദ്ധതി - അവലോകനം	1-20
31	ജനറൽ കമ്മിറ്റി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ ഗുരുതര ചട്ടലംഘനം.	1-21
32	കിഴക്കേകല്ലട FHC ക്ക് മരുന്ന് വാങ്ങൽ -61200/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.	1-22
33	ജീവനം പദ്ധതി-ജില്ലാ പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.	1-23
34	MCF കെട്ടിടം ഉപയോഗിക്കാതെ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ	1-24
35	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-25
36	ലോഗ് ബുക്ക് പരിപാലനം - അപാകത	1-26
37	ഡെപ്പോസിറ്റ് വർക്കുകൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-27
38	ഇടവിള കൃഷി- യൂണിറ്റ് കോസ്റ്റിലും അധികരിച്ച് വാങ്ങൽ നടത്തി	1-28
39	ജൽജീവൻ മിഷൻ അവലോകനം	1-29
40	കോക്ലിയാർ ഇംപ്ലാന്റേഷൻ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തുക 50000/-രൂപ തടസ്സപ്പെടുത്തുന്നു	1-30
41	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം അനുവദിച്ചു.-325600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-31
42	കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി അധികം വാഹന വാടക അനുവദിച്ചു	1-32
43	പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കളുടെ റവന്യൂരേഖകൾ കൃത്യമല്ല	1-33
44	കിഴക്കേ കല്ലട മാർക്കറ്റ് - 2,14,42,000/-രൂപ KIIFB വായ്പ ഗ്രാന്റായി മാറ്റിയത് സംബന്ധിച്ച് അവ്യക്തത	1-34
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ഇടവിള കൃഷി- യൂണിറ്റ് കോസ്റ്റിലും അധികരിച്ച് വാങ്ങൽ നടത്തി	3-1
ഭാഗം **4**		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)-വിവരശേഖരണം	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 17.06.2025 ലെ 3(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 21.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി :01.09.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയ ംഒ പത്രികയിൽ മുന്നിരിപ്പ ംഒ നീക്കിയിരിപ്പ ം തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയ ംഒ പൊരുത്തപ്പെട്ടന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ് , ഫിനാൻസ്ങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് =2862155/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) =13037954/-

1-1-3 Web Saankhya ACR-AFS പ്രകാരമുള്ള ചെലവും പൊരുത്തപ്പെട്ടന്നില്ല

2024-25 സാമ്പത്തിക വർഷം വിവിധ ഫണ്ടുകളിൽ Acr പ്രകാരമുള്ള ചെലവും AFS ചെലവിന് തുല്യമായ തുക വരവായി ബുക്ക് ചെയ്തും വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	AFS പ്രകാരമുള്ള ചെലവും I-6 ൽ വരവായി കണക്കാക്കിയ ചെലവ് തുക+Capital Contribution	Acr പ്രകാരമുള്ള ചെലവ് + സ്രോതസ്സിൽ കുറവ് ചെയ്ത തുക	വ്യത്യാസം	അപാകത
വികസന ഫണ്ട് - ജനറൽ	13709846 + 150000 =13859846	10382679+ 3547167 =13929846	70000	എ സി ആർ ബിൽ നം 410/18-03-2025പ്രകാരം 70000/- രൂപയുടെ ചെലവ് അധികമായി എ സി ആർ ൽ ഉൾപ്പെടുന്നു
സ്വച്ച് ഭാരത് അഭിയാൻ (160100674)	804567	TSC-ACR =1038915 + SBA(R&C)-ACR =565563 + Sanitation Mission -ACR =245573		പ്രോജക്ട് നം 126/2024-25SBA(R&C)-ACR ബിൽ നം465/24-03-2025പ്രകാരം 251876/- രൂപയും Sanitation Mission -ACR ബിൽ നം 446/24-03-2025പ്രകാരം 245573/-രൂപയും ഉൾപ്പടെ 497449 രൂപ വെബ് സാംഖ്യ ACR,സുലേഖ ചെലവ് പത്രിക എന്നിവയിൽ അധിക ചെലവ് കാണിക്കുന്നു
ശുചിത്വ മിഷൻ ഗ്രാന്റ് (160100769)	548035			
ആകെ	1352602	1850051	497449	

1-1-4 B-4,ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്ക് ലഭിച്ച തുകയാണെന്ന് വ്യക്തമല്ല/കൃത്യമല്ല

ക്രമ നം	അക്കൗണ്ട് ശീർഷകം	B-4 ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക	അപാകത
1	320100181	34401	TSC ക്ക് രണ്ട് ശീർഷകങ്ങളിൽ അവശേഷിക്കുന്ന തുക വിശദാംശം ലഭ്യമല്ല
2	320300103	84000	
3	320200304	10150	
4	320200305	10000	

1-1-5 B-9,ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന റിക്കവറി തുകകൾ വ്യക്തമല്ല

ക്രമ	അക്കൗണ്ട്	B-4 ഷെഡ്യൂളിൽ	അപാകത

നം	ശീർഷകം	നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക	
1	350200101 GPF Payable	24080	GPF ഇനത്തിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക ആരുടേതാണ് എന്ന് വ്യക്തമല്ല
2	350300199 Govt Other Dues Payable	12995	ഇനം വ്യക്തമല്ല

1-1-6 B-18ഷെഡ്യൂളിൽ വിവിധ അഡ്വാൻസ് ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യകതമല്ല/കൃത്യമല്ല

ക്രമ നം	അക്കൗണ്ട് ശീർഷകം	B-18 ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക	അപാകത
1	460500501 **Deposit With Implementing Officers**	650000/-	നീക്കിയിരുപ്പായി അവശേഷിക്കുന്ന 650000/- രൂപയിൽ പെയ്മെന്റ് വൗച്ചർ നം 22400731 തീ 29-11-2024 പ്രകാരം അഡ്വാൻസ് നൽകിയ 50000/- രൂപയുടെ ചെലവ് വൗച്ചറുകൾ 27/12/2024 ലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ചു . എന്നാൽ അഡ്വാൻസ് ശീർഷകത്തിന് ക്രഡിറ്റ് രേഖപ്പെടുത്തിയില്ല. സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല ചെക്ക് നം 358437 തീ 15-05-2024 പ്രകാരം 1,50,000/- രൂപയും ചെക്ക് നം 175760 തീ 25-11-2024 പ്രകാരം 1,50,000/- രൂപയും ഉൾപ്പടെ 3,00,000/- രൂപ വാർഡ് തല സാനിറ്റേഷൻ സമിതികൾക്ക് നൽകിയതിൽ 150000/- രൂപയുടെ ചെലവ് വൗച്ചർ ലഭ്യമാണ് .എന്നാൽ അഡ്വാൻസ് ശീർഷകത്തിന് ക്രഡിറ്റ് രേഖപ്പെടുത്തിയില്ല 2023-24 നീക്കിയിരുപ്പായ 3,00,000/- രൂപ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് നൽകിയതാണ് എന്ന് വ്യക്തമല്ല
2	460500202 **Deposit With Kerala Electricity Board**	499757	തൻ വർഷം നൽകിയ 57973/- രൂപയുടെ മുൻക്കൂർ ക്രമീകരിച്ചിട്ടുണ്ട്.2023-24 നീക്കിയിരുപ്പായ 499757/- രൂപ ഏതെല്ലാം പദ്ധതികൾക്ക് നൽകിയതാണ് എന്ന് വ്യക്തമല്ല
3	460500204 **Deposit With Ground Water Department**	237726	തൻ വർഷം നൽകിയ 15480/- രൂപയുടെ മുൻക്കൂർ ക്രമീകരിച്ചിട്ടുണ്ട്.2023-24 നീക്കിയിരുപ്പായ 237726/- രൂപ ഏതെല്ലാം പദ്ധതികൾക്ക് നൽകിയതാണ് എന്ന് വ്യക്തമല്ല

1-1-7 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ട് നീക്കിയിരുപ്പ് ഇ-ഗ്രാം , വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല

ഫണ്ട്	വാർഷിക കണക്ക്	ഇ-ഗ്രാം	വ്യത്യാസം
CFC-Tied	8579386	7276049	1303337
CFC -Untied(Basic)	2234492	3575429	1340937

1-1-8 SBM Gramin Phase II -IDBI ബാങ്ക് അക്കൗണ്ടിൽ 12000/- രൂപ അധിക വരവ് ചെലവ്

SBM Gramin Phase II -IDBI ബാങ്ക് അക്കൗണ്ടിൽ 12000/- രൂപ അധിക വരവ് ചെലവ്

വാർഷിക കണക്ക് 1-6 പ്രകാരം അക്കൗണ്ട് ശീർഷകം 160100769 ആകെ ചെലവ് =548035/-

തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ചെക്ക് പ്രകാരം പിൻവലിച്ച തുക =35072/-

SBM Gramin Phase II IDBI ബാങ്ക് അക്കൗണ്ടിൽ PFMS ചെയ്യേണ്ട തുക =(548035/- - 35072) = 512963/-

SBM Gramin Phase II IDBI ബാങ്ക് അക്കൗണ്ടിലെ വരവ് -ചെലവ് =524963/-

വ്യത്യാസം = 12000/-

05-04-2024 ലെ 12000/- രൂപയുടെ ഇടപാട് വാർഷിക കണക്കിലില്ല

1-1-9 ലൈഫ് ഭവന പദ്ധതി വായ്പ തുക നിക്ഷേപിച്ച അക്കൊണ്ടിൽ 4,07,878/- രൂപ കുറവ്

AFS പ്രകാരവും വായ്പ രജിസ്റ്റർ പ്രകാരവും ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ വിതരണ ബാക്കി(secured Loan -Pre Paid Programme Expense) 51,47,878 രൂപയാണ് . വായ്പ തുക സേവിങ്സ് ബാങ്ക് നിക്ഷേപ പലിശ 85367 /- രൂപ ഉൾപ്പടെ വായ്പ തുക സേവിങ്സ് ബാങ്ക് അക്കൊണ്ടിൽ (FED Bank A/C N0 -20280100082761) 52,33,245/- രൂപ നീക്കിയിരുപ്പുണ്ടായിരിക്കണമെന്നിരിക്കെ 4825367 രൂപയാണ് നീക്കിയിരുപ്പ് . അക്കൊണ്ടിൽ 4,07,878/- രൂപ കുറവ്

1-1-10 വസ്തു നികുതി -സഞ്ചയ -വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല

ഇനം	31/03/2025 വാർഷിക കണക്ക് തയ്യാറാക്കുന്നതിന് എടുത്ത സഞ്ചയ ഡാറ്റ പ്രകാരം	വാർഷിക കണക്ക് പ്രകാരം		വ്യത്യാസം
		ഷെഡ്യൂൾ		
വസ്തു നികുതി-റസിഡെൻഷ്യൽ അരിയർ ഡിമാന്റ്	23916	2023-24 B-15	4784+0 = 4784	19132
വസ്തു നികുതി-റസിഡെൻഷ്യൽ നോൺ അരിയർ ഡിമാന്റ്	19986	2023-24 B-15	9705+2999 = 12704	7282

1-2 ബജറ്റ്.

09.02.2024 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 15.03.2025 തീയതിയിലെ3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) .

മുന്നിരിപ്പ്	₹1,17,33,318/-
വരവ്	₹4,91,82,145/-
ആകെ	₹6,09,15,463/-
ചെലവ്	₹3,61,44,191/-
നീക്കിയിരിപ്പ്	₹2,47,71,272/-
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം /നിരാകരിക്കുന്ന തുക	24,000/-
തടസ്സപ്പെടുത്തിയ തുക	19,83,487/-

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ട് ഇനം	മുൻബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിബാക്കി/ലാപ്സായ തുക ₹
വികസന ഫണ്ട്- പൊതു വിഭാഗം	0	13931000 /-	13931000 /-	13859846 /-	71154 /-
വികസന ഫണ്ട്- എസ് സി പി	0	11213000 /-	11213000 /-	10708935/-	504065/-
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	11550000 /-	11550000/-	9952559 /-	1597441/-
മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്	0	4998000/-	4998000 /-	4597464/-	400536/-
സിഎഫ് സി-ടൈഡ് ബാങ്ക്	4408545/-	5130000/-	9538545/-	959159 /-	8579386/-
സിഎഫ് സി-ടൈഡ് ,ടഷറി	ഴ	443194/-	443194/-	268833/-	174361/-
സിഎഫ് സി- അൺടൈഡ്- ബാങ്ക്	1722510/-	2347000/- + 245603 =2592603	4315113/-	2080621 /-	2234492/-
സിഎഫ് സി- അൺടൈഡ്- ടഷറി	ഴ	309693/-	309693/-	295994/-	13699/-
ഹെൽത്ത് ഗ്രാന്റ് - ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	1087279/-	346000/-+ 24056 =370056	1457335/-	673140/-	784195/-
ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ	71876/-	561000/- + 2024 =563024/-	634900/-	63229/-	571671/-
കേന്ദ്രാവിഷ്കൃത പദ്ധതികൾ					
ഐസിഡിഎസ്	2489025/-	2101727/-	4590752/-	1337167/-	3253585/-
ഐസിഡിഎസ് ബേബി ഫ്രണ്ടലി ടോയ്ലെറ്റ്	96000/-	0	96000/-	0	96000/-
അംഗൻവാടി കുടിവെള്ളം	10000/-	0	10000/-	0	10000/-
എസ് ബി എം(SNA SPARSH.)	0	804567/-	804567/-	804567/-	0
എസ്.ബി.എം. (ഫേസ് I I) (PFMS)	0	512963/-	512963/-	512963/-	0
TSC	84000/-	0	84000/-	0	84000/-
സംസ്ഥാനാവിഷ്കൃത പദ്ധതികൾ					
ശുചിത്വമിഷൻ	748808/-	0	748808/-	35072/-	713736/-
ലൈഫ് സ്റ്റ്റേറ്റ് ഷെയർ	1302723/-	5100000/-	6402723/-	3290000/-	3112723/-

1-5 പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത്	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

(എണ്ണം)		(എണ്ണം)		(എണ്ണം)	(എണ്ണം)	
180	136540031	129	58678092	-	51	72%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	സി.ബി ₹
അഡ്മിനിസ്ട്രേറ്റീവ് ചെലവ് MNREGS അക്കൗണ്ട്	0/-	1680922/-	1680922/--	1680922/-	0
തൊഴിലാളികളുടെ കൂലി	0	46068990/-	46068990	46068990	0
സ്കിൽഡ് / സെമിസ്കിൽഡ്	0	1404631/-	1404631	1404631	0
മെറ്റീരിയൽ	0	1792000/-	1792000/-	1792000/-	0
ആകെ	0/-	50946543/-	50946543/-	50946543/-	

1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	1168000/-
വിധവാ പെൻഷൻ	12393900/-
വാർദ്ധക്യകാല പെൻഷൻ	22159800/-
വികലാംഗ പെൻഷൻ	4826200/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	120000/-
50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	430400/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2025 ന് 03.15 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7923/-രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. സുപ്രധാന മേഖലകളായ ബജറ്റ് രേഖകൾ തയ്യാറാക്കൽ, അക്കൗണ്ടിംഗ്, വാർഷിക കണക്ക് തയ്യാറാക്കൽ എന്നിവയിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഭരണ സമിതി യോഗങ്ങളുടെ മിനിട്സ് അംഗീകരിച്ച് അന്തിമമാക്കുന്നതിൽ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള സമയ പരിധി പാലിച്ചിട്ടില്ല. ആസ്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനു പദ്ധതികൾ ആവിഷ്കരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി സൃഷ്ടിക്കൽ ഉണ്ടായിട്ടില്ല.

കേരളാ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും ഐ.എൽ.ജി.എം.എസ്. വഴി രസീത് നൽകിയാണ് സ്വീകരിക്കുന്നത്. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. പ്രതിദിന കളക്ഷൻ (മാർക്കറ്റ് ഫീസ് പിരിച്ചതൊഴികെ) തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ഔട്ട് ഡോർ പിരിവ് രസീതുകൾ Out Door Collection Control Account ശീർഷകത്തിൽ എന്റർ ചെയ്ത് ഐ.എൽ.ജി.എം.എസ്. വഴി രസീത് നൽകുന്നു. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായും ഫലപ്രദമായും മോണിറ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും സാധിച്ചിട്ടില്ല. പദ്ധതി പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണ സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും,

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടക്കുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ്. ഇക്കാര്യത്തിൽ സ്ഥിരംസമിതികളും, പഞ്ചായത്ത് ഭരണസമിതിയും കൂടുതൽ ശ്രദ്ധപുലർത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12.08.2022	4/22 മുതൽ 6/22 വരെ	12.08.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.03.2020-19.03.2020	2014-15 മുതൽ 2018-19 വരെ	18.05.2020

1-11 ബജറ്റ് തത്വങ്ങൾ പാലിക്കാതെ 2024-25ലെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2024-2025 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് ബജറ്റ് തത്വങ്ങൾ പാലിക്കാതെയാണ്.

GO(RT) 3291/16/LSGD തീയതിഃ 2-12-2016 പ്രകാരമുള്ള ബഡ്ജറ്റ് മാനുവലിൽ ബജറ്റ് തയ്യാറാക്കുന്ന വിധം, പാലിക്കേണ്ട നടപടിക്രമങ്ങൾ, ശ്രദ്ധിക്കേണ്ട മേഖലകൾ/വിഷയങ്ങൾ എന്നിവ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	സമയക്രമം
1	നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ആവശ്യപ്പെടൽ	ഡിസംബർ 15 ന് മുമ്പ്
2	നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ	ജനുവരി 15 ന് മുമ്പ്
3	ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻറ്റിംഗ് കമ്മിറ്റികൾ ചേരൽ	ജനുവരി 22 ന് മുമ്പ്
4	ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയിൽ പ്രപ്പോസലുകൾ വയ്ക്കൽ, ക്രോഡീകരണം	ഫെബ്രുവരി 22 ന് മുമ്പ്
5	ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയിൽ കരട് ബജറ്റ് നിർമ്മാണംഅംഗീകരിക്കൽ,വിവിധ സ്റ്റാൻറ്റിംഗ് കമ്മിറ്റികളിൽ നിന്നുള്ള നോൺ പ്ലാൻ പ്രപ്പോസലുകൾ,പദ്ധതി കണക്കുകൾ , ജനറൽ കമ്മിറ്റി അംഗീകരിച്ച മേഖലാ വിഭജന കണക്കുകളും ഉപയോഗിച്ച്.	മാർച്ച് 1 ന് മുമ്പ്
6	കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ.	മാർച്ച് 7 ന് മുമ്പ്

മേൽ പറഞ്ഞ നടപടികളിൽ നിന്നും ലഭിക്കുന്ന പദ്ധതി - പദ്ധതിയേതര വരവ് - ചെലവ് വിവരങ്ങൾ വിശകലനം ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചിത മാതൃകയിൽ ബജറ്റ് സ്റ്റേറ്റ്മെൻറ്, ബജറ്റ് ഷെഡ്യൂളുകൾ എന്നിവ തയ്യാറാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ഒരു നടപടികളും ബജറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഴക്കേകല്ലട ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടില്ല. VEO, ICDS, VETERINARY എന്നിവർ നോൺ പ്ലാൻ ഇനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത് ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനായി നോൺ പ്ലാൻ കരട് പ്രപ്പോസലുകൾ നൽകാതെയാണ്. ഇത് ബഡ്ജറ്റ് തത്വങ്ങൾക്ക് എതിരാണ്.

ബജറ്റ് സ്റ്റേറ്റ്മെന്റ്, ബജറ്റ് ഷെഡ്യൂളുകൾ , ബജറ്റ് ഡോക്യുമെന്റ്, പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് എന്നിവ ഉൾപ്പെടുത്തി ബജറ്റ് മാനുവൽ പ്രകാരം ബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല.

ബജറ്റ് തത്വങ്ങൾ പാലിക്കാതെ അന്തിമ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതും, അംഗീകരിച്ചതും സംബന്ധിച്ച മറുപടി രേഖാമൂലം നൽകിയിട്ടില്ല. നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ നൽകാത്ത ഘടക സ്ഥാപനങ്ങൾക്ക് വേണ്ടി ബജറ്റിൽ തുക വകയിരുത്തി ചെലവഴിച്ചതിനു മറുപടി നൽകിയിട്ടില്ല.

1-12 അൺഎസ്റ്റാബ്ലിഷ്ഡ് സ്റ്റാഫിന്റെ വസ്തുനികുതി ഈടാക്കിയില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി. 27.03.2023 (വിജ്ഞാപനം നം 15(2) ലെഗ്. എ2/2023/നിയമം തീയതി 28.03.2023) പ്രകാരം 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കന്ററി തലം വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനം വസ്തുനികുതി അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം., സ്ഥാപനത്തിന്റെ പേര്	V/496, സെന്റ്. ജോസഫ് ഇന്റർനാഷണൽ സ്കൂൾ
വിസ്തീർണ്ണം	2643 ച.മീ.
അടിസ്ഥാന വസ്തു നികുതി	15858/- രൂപ

പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി 2014-15 വരെ അടവാക്കിയിട്ടുണ്ട്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് 2023-24 കാലയളവ് മുതലുള്ള വസ്തു നികുതി ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ക്രമപ്രകാരം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകവയറി നം. 13/16.07.25

1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.
തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 05.04.2023 ലെ (അച്ചടി) 25/2023 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ 500 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/-രൂപയായും 500 ചതുരശ്ര മീറ്ററിനു മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 90/-രൂപയായും 31.07.2023 ലെ3-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ 500 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നക്രമ	വാർഡ് നമ്പർ കെട്ടിട നമ്പർ	ഉടമയുടെ പേര്	ച.മി	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മിറ്ററിന് 70രൂപ നിരക്കിൽ)	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മിറ്ററിന് 90രൂപ നിരക്കിൽ)	അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക
1	2/707	ശ്രീ. ലിജിൻ സി. വർഗ്ഗീസ്, ചുനക്കര വീട്,	സെല്ലാർ-183.22 ഗ്രൗണ്ട്	25650.80	32979.60	7328.80

		ഉപ്പട്	ഫ്ലോർ-183.22			
2	2/708	ശ്രീ. ലിജിൻ സി. വർഗ്ഗീസ്, ചുനക്കര വീട്, ഉപ്പട്	ഫസ്റ്റ് ഫ്ലോർ-244.14	17089.80	21972.60	4882.80
		ആകെ	610.58			12211.6

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുമെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 28/18.07.25

1-14 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു..

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, അഭിഭാഷകർ, ഡോക്ടർമാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. കൂടാതെ കൊടുവിള ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, ഡോക്ടർമാർ എന്നിവരുടെ ഡേറ്റാബേസ് തയ്യാറാക്കുന്നതും മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ - 10/17.07.25

1-15 മാർക്കറ്റ് ഫീസ് - ഗ്രാമപഞ്ചായത്ത് നേരിട്ട് ഈടാക്കിയതിൽ അപാകതകൾ

കിഴക്കേ കല്ലട മാർക്കറ്റ് നവീകരണം നടക്കുന്നതിനാൽ 2024 -25 സാമ്പത്തിക വർഷം മാർക്കറ്റ് ലേലം ചെയ്തില്ല .ആയതിനാൽ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നത് വരെ മാർക്കറ്റ് ഫീസ് ഗ്രാമപഞ്ചായത്ത് നേരിട്ട് ഈടാക്കുന്നതിന് താൽക്കാലിക ജീവനക്കാരിയായ ശ്രീമതി താര യെ 11/3 /2024 ലെ 2 (4) തീരുമാനപ്രകാരം ചുമതലപ്പെടുത്തി .പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യമാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ, ചട്ടം 22 പ്രകാരം ഗ്രാമപഞ്ചായത്ത് നേരിട്ട് മാർക്കറ്റ് ഫീസ് ഈടാക്കുമ്പോൾ ഈടാക്കേണ്ടിയിരുന്ന തുകയുടെ കുറഞ്ഞതും കൂടിയതുമായ നിരക്ക് ചട്ടം 08 ന്റെ പട്ടികയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ട തുക നിർണയിച്ചിട്ടില്ല. ആയതിനാൽ പിരിവ് ഉദ്യോഗസ്ഥർ ഇഷ്ടാനുസരണം മാർക്കറ്റ് ഫീസ് ഈടാക്കി .

ബി) 05/0 4 /2024 മുതൽ 18/5 /2024 വരെ ഫോറം നമ്പർ XXXIII ലുള്ള രസീത് ബുക്കുകളും തുടർന്ന് 19/ 5/ 2024 മുതൽ 29/07 /2024 വരെ ഗ്രാമപഞ്ചായത്ത് നേരിട്ട് പ്രിന്റ് ചെയ്ത രസീത് ബുക്കുകളുമാണ് മാർക്കറ്റ് ഫീസ് പിരിക്കുന്നതിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം നേരിട്ട് രസീത് ബുക്കുകൾ പ്രിന്റ് ചെയ്യാൻ ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്താതെ രസീത് പ്രിന്റ് ചെയ്ത് പിരിവിന് ഉപയോഗിച്ചു.

സി) നേരിട്ട് രസീത് ബുക്കുകൾ പ്രിന്റ് ചെയ്തത് സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. എത്ര രസീത് ബുക്കുകൾ പ്രിന്റ് ചെയ്തെന്നോ എത്ര രസീത് ബുക്കുകൾ പിരിവിനായി വിതരണം ചെയ്തു എന്നോ രേഖപ്പെടുത്തിയിട്ടില്ല. രസീത് പ്രിന്റ് ചെയ്യാൻ നൽകിയ ഇൻഡന്റ്, ഇൻവോയ്സ് എന്നിവ ഹാജരാക്കിയില്ല.

ഡി) കളക്ഷൻ തുക അതാത് ദിവസം ഒടുക്കിയില്ല. ഉദാ- 19/05/2024, 20/05/2024, 21/05/2024, 22/05/2024, 23/05/2024എന്നീ തീയതികളിലെ കളക്ഷൻ തുകയായ 1270 രൂപ 25/05/2024 ലാണ് ഒടുക്കിയത്

ഇ) ഫോറം നമ്പർ XXXIII ലുള്ള രസീത് ബുക്ക് നം 16547, 16548 എന്നിവ ഓഫീസ് അറ്റൻഡന്റായ ശ്രീ വിഷ്ണുവിന് യഥാക്രമം 04/04/2024, 29/04/2024 ൽ കളക്ഷന് നൽകിയതാണ് . ആയതിൽ രസീത് നം 02/16547, 22/16548, 38/16548

എന്നിവയിൽ 100രൂപ മാർക്കറ്റ് ഫീസ് ഈടാക്കിയത് 40 രൂപ എന്നും 12/16548 ൽ120രൂപ മാർക്കറ്റ് ഫീസ് ഈടാക്കിയത് 100 രൂപ എന്നും തിരുത്തിയിട്ടുണ്ട്. ശ്രീമതി താര മാർക്കറ്റ് ഫീസ് പിരിവിന് ഉപയോഗിച്ച രസീത് നം 39,40 എന്നിവയിൽ 100രൂപ മാർക്കറ്റ് ഫീസ് ഈടാക്കിയത് 40 രൂപ എന്നുംതിരുത്തിയിട്ടുണ്ട്.
മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഗ്രാമലക്ഷ്മി മുദ്രാലയം മുഖേനയല്ലാതെ രസീത് പ്രിന്റ് ചെയ്യുന്ന സാഹചര്യത്തിൽ രസീത് സംബന്ധിച്ച് കൃത്യത പാലിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകുയറി നം. 27/17.7.2025

1-16 യു.പി.ഐ പേയ്മെൻറ് -അപാകത സംബന്ധിച്ച്

ഡേ ബുക്കു പ്രകാരം ബൈജു ഗംഗാധരൻ എന്ന വ്യക്തി പ്രോപ്പർട്ടി ടാക്സിനത്തിൻ 923 രൂപ ഒടുക്കു വരുത്തിയതിന് 04.03.25 ൽ 1240103281 ാം നമ്പരായി രസീത് നൽകിയിട്ടുണ്ട് എന്നാൽ ഈ തുക യു.പിഐ പേമെന്റ് ബാങ്ക് അക്കൌണ്ടിൽ ലഭ്യമായിട്ടുള്ളത് 26.03.25 ലാണ്. യു.പി.ഐ പേയ്മെന്റ് വഴി വരവു തുകകൾ സ്വീകരിക്കുമ്പോൾ കൃത്യമായി ടാൻസാക്ഷൻ ഐ.ഡി ലഭ്യമായതിനു ശേഷം രസീതുകൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.
എൻകുയറി നമ്പർ-10/17.05.25

1-17 ധാതുലവണമിശ്രിതം പൂർണ്ണമായും വിതരണം ചെയ്തില്ല

പ്രോജക്ട് നം., പേര്	Soo13/25, ധാതുലവണമിശ്രിതം, വിരമരുന്ന് വിതരണം
അടങ്കൽ	വികസനഫണ്ട് ജനറൽ- 238000 തനതു ഫണ്ട്- 2000 ആകെ - 240000
ചെലവ്	വികസനഫണ്ട് ജനറൽ- 234201 ബിൽ നം. 11/11.03.25

കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ഉരു ഒന്നിന് പരമാവധി 1200/- രൂപ നിരക്കിൽ ധാതുലവണ മിശ്രിതം വാങ്ങി വിതരണം ചെയ്യുക, വിരമരുന്ന് ഡിസ്പെൻസറിയിൽ ലഭ്യമായതിനാൽ മുഴുവൻ തുകയ്ക്കും ധാതുലവണമിശ്രിതം വാങ്ങുന്നതിനായി വിനിയോഗിക്കുകയും, 200 ഗുണഭോക്താക്കൾ ഇല്ലെങ്കിൽ ഒരു ഗുണഭോക്താവിന്റെ ഒന്നിൽ കൂടുതൽ കറവപ്പശുക്കൾക്കും ആനുകൂല്യം നൽകുന്നതിനുമായി ആവിഷ്കരിച്ച പ്രോജക്ടാണിത്. നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 234201/- രൂപയ്ക്ക് ചുവടെ പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

മരുന്നിന്റെ വിവരം	എണ്ണം	നിരക്ക്
Agrimin Forte 1Kg	400	168.015
Ostovet Forte 1Lit	800	169.993
Fodmax Forte 1Kg	200	155.003

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 89 പേർക്ക് Ostovet Forte 4 Lit, Agrimin Forte 2Kg, Fodmax Forte 1Kg എന്ന അളവിൽ മേൽ മരുന്നുകൾ നൽകിയിട്ടുണ്ട്. വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം Ostovet Forte 444 Kg, Agrimin Forte 222Lit, Fodmax Forte 111Kg വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. ധാതു ലവണ മിശ്രിതം പൂർണ്ണമായി വിതരണം ചെയ്യാൻ സാധിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻകുയറിയ്ക്ക്, ഗുണഭോക്തൃലിസ്റ്റിൽ പശുക്കൾ ഉള്ള 89 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും വരും ദിനങ്ങളിൽ ഒന്നിൽ കൂടുതൽ ഉരുക്കൾ ഉള്ള, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വിതരണം ചെയ്യുമെന്നും മറുപടി ലഭ്യമാക്കി.
കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ കൂടിയ അളവിൽ വാങ്ങിയതിനാലാണ് പദ്ധതി പ്രകാരം വാങ്ങിയ ധാതു ലവണ മിശ്രിതം പൂർണ്ണമായി വിതരണം ചെയ്യാൻ സാധിക്കാത്തത്. ആയതിനാൽ അവശേഷിക്കുന്ന ധാതുലവണമിശ്രിതത്തിന്റെ വില 1,29,982/-രൂപ (222x168.015+444x169.993+111x155.003) തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ധാതു ലവണ മിശ്രിതം അർഹതപ്പെട്ട ക്ഷീര കർഷകർക്ക് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ, മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 25/18.07.2025
തടസ്സപ്പെടുത്തുന്ന തുക 1,29,982/- രൂപ

1-18 ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം പ്രോജക്ടുകൾ പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

1)

പ്രോജക്ട് നം.	വകയിരുത്തൽ	ചെലവ്
164/24-25 ഭവന പുനരുദ്ധാരണം ജനറൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹900000/-	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹670,000/-

സ.ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ 28/05/2022 ഖ. 6.7.4 പ്രകാരം ഭവന പുനരുദ്ധാരണം പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂറായി അനുവദിക്കാവുന്നതാണ്. ഭവനം നിർമ്മിച്ച് 8 വർഷം പൂർത്തിയായതും, മുൻ വർഷത്തിൽ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതും, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതുമായ പഞ്ചായത്ത് പരിധിയിലെ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം (മാർഗരേഖ പ്രകാരം) നല്കുക എന്നതായിരുന്ന പദ്ധതിയുടെ ലക്ഷ്യം. ഭവന പുനരുദ്ധാരണം പ്രോജക്ടുകൾ പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങളും പ്രോജക്ട് വിശദാംശവും ചുവടെ ചേർക്കുന്നു.

പേര്	നൽകിയ തുക (₹)	ബിൽ നം., തീയതി
ശ്രീ. മണിക്കുട്ടൻ,ലക്ഷംവീട്,ചിറ്റുമല	30000/-	430/01.01.2025

2)

പ്രോജക്ട് നം.	വകയിരുത്തൽ	ചെലവ്
169/24-25 ഭവന പുനരുദ്ധാരണം (എസ്.സി)	വികസന ഫണ്ട് (എസ്.സി.പി.) 1960000/-	വികസന ഫണ്ട് (എസ്.സി.പി.) 1540000/-

മുൻകൂർ തുക കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കാത്ത ഗുണഭോക്താവിന്റെ വിവരം ചുവടെ ചേർക്കുന്നു

പേര്	നൽകിയ തുക (₹)	ബിൽ നം.
ശ്രീ ശശിധരൻ,ശ്യാംഭവനം,ശിങ്കാരപ്പള്ളി	30000/-	38/20.12.24

3)

പ്രോജക്ട് നം.	വകയിരുത്തൽ	ചെലവ്
110/24-25 2023-24 പ്രോ. നം. 26	ധനകാര്യ കമ്മീഷൻ ഗ്രാന്റ് 270000/-	ധനകാര്യ കമ്മീഷൻ ഗ്രാന്റ് 240000/-

സ്പിൽ ഓവറായി നടത്തിയ മേൽ പ്രോജക്ട് പ്രകാരം 2023- 24 വർഷം മുൻകൂർ തുക കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

പേര്	നൽകിയ തുക (₹)	ബിൽ നം.
ശ്രീ റീബി,സിജി ഭവനം,കൊടുവിള	30000/-	33/14.12.23

മുകളിൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ എൻകൃയറിക്ക്, ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണെന്നും പ്രവൃത്തി പൂർത്തീകരിച്ചതിൻ പ്രകാരമുള്ള വിവരങ്ങൾ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിൻ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്ന് നിയമാനുസൃതമായ നടപടികളിലൂടെ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 14/16.07.25

1-19 ലൈഫ് ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. _

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കരാർ വച്ച് ഭവന നിർമ്മാണത്തിനുള്ള ഒന്നാം ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം

ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ	ഗുണഭോക്താവിന്റെ പേര വിവരങ്ങൾ	അനുവദിച്ച തുക	ബിൽ നമ്പർ/ തീയതി	ഫണ്ടിനം
23/24-25 ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ്സ് സി)	ഷൈനി ആർ, പരിയാരത്തു വീട്,കൊടുവിള,വാർഡ്-14	40000/-	26/19.10.2024	വികസന ഫണ്ട്,എസ്സ്.സി.പി.
23/24-25,ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ്സ് സി)	മനീഷ,ചരുവിൽ,കൊടുവിള	40000/-	27/14.11.24	വികസന ഫണ്ട്,എസ്സ്.സി.പി

ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും അല്ലാത്തപക്ഷം സ്വീകരിച്ച തുടർനടപടികളുടെയും വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്, ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. ഭവന നിർമ്മാണം പൂർത്തിയാക്കിയതിൻ പ്രകാരമുള്ള വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം. 14/16.07.25

1-20 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 15 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 134908 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 1839 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, തോടുകളുടെ നവീകരണം തുടങ്ങി മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന് ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. പൊതു സ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും പ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പൊതുവിവരങ്ങളും ധനവിനിയോഗ വിവരങ്ങളും ചുവടെ ചേർക്കുന്നു.

1. 2024-25 സാമ്പത്തിക വർഷം തൊഴിലുറപ്പ് വരവ് ചെലവ് തുകകളുടെ വിശദ വിവരങ്ങൾ :-

ഇനം		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ് (അഡ്വാൻസ് ക്രമീകരിച്ചത്)	നീക്കിയിരുപ്പ്
ഭരണചെലവുകൾ			1680922	1680922	1680922	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	അൺസ്കിൽഡ് വേജസ്	0	46068990	46068990	46068990	0
	സ്കിൽഡ് വേജസ്	0	1404631	1404631	1404631	0
മെറ്റീരിയൽ കോസ്റ്റ്		0	1792000	1792000	1792000	0

2. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച പൊതു വിവരങ്ങൾ :-

ക്രമ നം.	വിവരണം	വിശദവിവരം
1	ആക്ഷൻ പ്ലാൻ /ലേബർ ബഡ്ജറ്റ് പ്രകാരം 2024-25 ൽ ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക	709.01ലക്ഷം
2	ചെലവഴിച്ച തുക	50946543
3	2024-25ൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം	134908
4	ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ എണ്ണം	1418
5	പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം	258
6	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	4164
7	തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം	1839
8	തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	1839
9	100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	1076
10	തൻവർഷം പൊതു ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ?	Nil
11	പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിന് തൻവർഷം ചെലവ്	Nil

3. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം

വർഷം	ഓഡിറ്റ് നടത്തിയ തീയതി	റിപ്പോർട്ട് നൽകിയ തീയതി
2024-25 ആദ്യ പാദം	28-12-24 30-12-24 31-12-24	25-2-25 28-3-25

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമസഭകളുടെ വിവരങ്ങൾ

വാർഡ് നം	ഗ്രാമസഭ തീയതി	ഗ്രാമസഭാ തീരുമാനം
ഒന്നു മുതൽ പതിനഞ്ച് വാർഡുകളുടെ ഗ്രാമസഭ	02-10-2024	2025-26 ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാൻ അംഗീകരിക്കലും

1-21 ജനറൽ കമ്മിറ്റി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ ഗുരുതര ചട്ടലംഘനം.

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി

പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല . ഗുരുതര ചട്ട ലംഘനം നടന്നതായി ഓഡിറ്റ് കണ്ടെത്തുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	യോഗ നം	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി
1	1	5/1/24	12/12/24	12/12/24
2	2	20/1/24	12/12/24	12/12/24
3	7	11/3/24	1/10/24	1/10/24
4	8	9/4/24	24/5/24	24/5/24
5	10	28/5/24	1/10/24	1/10/24
6	11	11/6/24	21/6/24	21/6/24
7	13	28/6/24	18/7/24	4/10/24
8	16	18/7/24	4/10/24	4/10/24
9	17	31/7/24	4/10/24	4/10/24
10	18	29/8/24	18/3/25	18/3/25
11	19	11/9/24	7/11/24	7/11/24
12	20	25/9/24	4/10/24	9/10/24
13	21	30/9/24	15/5/24	15/5/25
14	23	14/10/24	7/11/24	7/11/24
15	24	30/10/24	22/5/25	22/5/25
16	25	14/11/24	15/5/25	15/5/25
17	27	2/12/24	15/5/25	15/5/25
18	28	27/12/24	22/5/25	22/5/25
19	01	17/1/25	15/5/25	15/5/25
20	02	31/1/25	1/7/25	1/7/25
21	03	15/2/25	15/5/25	15/5/25
22	04	28/2/25	15/5/25	22/5/25
23	05	6/3/25	22/5/25	22/5/25
24	06	15/3/25	1/7/25	1/7/25
25	07	20/3/25	15/5/25	15/5/25
26	08	21/3/25	15/5/25	15/5/25
27	09	22/3/25	1/7/25	1/7/25
28	10	29/3/25	1/7/25	1/7/25
29	11	25/4/25	1/7/25	1/7/25
30	12	30/4/25	15/5/25	15/5/25
31	13	13/5/25	1/7/25	1/7/25
32	14	23/5/25	1/7/25	1/7/25
